പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2289 — 16.8.2017 -ൽ മറുപടിയ്ക്ക്

# വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ഹൈബി ഈഡൻ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
| എ) | സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) | ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും, വിപുലമായ പ്രചരണം സംഘടിപ്പിച്ചും താഴെ പറയുന്ന പദ്ധതികളിലൂടെയും വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.<br>• കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'പ്രസാദ്' സ്കീമിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.<br>• കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനത്തിനായും, സ്പിരിച്ചൽ ടൂറിസം പദ്ധതികളായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം), ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം എന്നീ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.<br>• മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ<br>• പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും, സർക്യൂട്ടുകളുടെയും വികസനത്തിനായി 8 പദ്ധതി പ്രൊപ്പോസലുകൾ KIIFB-യുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.<br>• ടൂറിസം കേന്ദ്രങ്ങളുടെ സമഗ്ര വികസനവും, പരിപാലനവും ലക്ഷ്യമാക്കിയുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതി<br>• കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ പുഴകളിലൂടെയും, കായലിലൂടെയും ഉള്ള വിനോദസഞ്ചാരവും, വടക്കൻ കേരളത്തിലെ കലയും സംസ്കാരവും യോജിപ്പിച്ചു കൊണ്ടുള്ള ഒരു ബൃഹത് |

| | | | |
|---|---|---|---|
| | | | പദ്ധതിയായ മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്.<br><br>• ധർമ്മടം-മുഴപ്പിലങ്ങാട്-കണ്ണൂർ, വയനാട്. കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ-വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി-ചിമ്മിനി, കാലടി-മലയാറ്റൂർ-ആതിരപ്പള്ളി, പീരുമേട്-കട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ<br><br>• ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിച്ച് ഉത്തരവായി.<br><br>• പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി.<br><br>• ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സമ്പ്രദായം.<br><br>• ഹൗസ്ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി ഹൗസ്ബോട്ട് ട്രാക്കിംഗ് സിസ്റ്റം പദ്ധതി.<br><br>• വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം.<br><br>• DTPC കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും പുന:സംഘടന<br><br>• ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും. തീർപ്പാക്കുന്നതിനും, തീർക്കുന്നതിനും, ഗുണനിലവാരം ഉയർത്തുന്നതിനുമായി MLA മാരുടെ നേതൃത്വത്തിൽ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി.<br><br>• ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്നുള്ള കർമ്മ പദ്ധതി.<br><br>• കൊല്ലം ജില്ലയിലെ ചടയമംഗലത്ത് ജടായു പാറ ടൂറിസം പദ്ധതി<br><br>• അറബ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ. ഇതിന്റെ ഭാഗമായി ടാക്സി ബ്രാൻഡിംഗ്, അച്ചടി-നവ മാധ്യമങ്ങളിലെ പരസ്യ പ്രചാരണം, റിയാദ്, ദമാം എന്നീ സ്ഥലങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു. |

| | | | |
|---|---|---|---|
| | | | • ചൈനയിൽ നിന്നുള്ള ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനായി ബീജിംഗ് ഇന്റർനാഷണൽ ടൂറിസം എക്സിബിഷനിൽ കേരളത്തിലെ പ്രമുഖ ടൂറിസം ഓപ്പറേറ്റർമാരുമായി പ്രചരണ പരിപാടികൾ<br>• നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി ഗോ കേരള ആപ്പ്, ലോവസ്റ്റ് യൂണിക് ബിഡ് എന്നീ വിപണന പരിപാടികൾക്ക് തുടക്കം.<br>• ഗുരുവായൂരിൽ പുതിയ ഗസ്റ്റ്ഹൗസിന് ഭരണാനുമതി നൽകി കഴിഞ്ഞു. |
| ബി) | വിനോദ സഞ്ചാരികളുടെ വരവ് എത്രത്തോളം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | ബി) | അടുത്ത 5 വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% കണ്ട് വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. |
| സി) | ഇതിനായി ഒരു കർമ്മ പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ? | സി) | പുതിയതായി സർക്കാർ ആവിഷ്കരിക്കാനുദ്ദേശിക്കുന്ന ടൂറിസം നയത്തിൽ ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ചുള്ള കർമ്മ പദ്ധതികൾ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ